# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴമറ്റൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 8 - 750/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/12/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 8 - 750/2021 തീയ്യതി: 20/12/2021

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-12-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 18-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.രഞ്ജീവ് വി കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ.വി.എൻ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയൻ പുളിയ്ക്കൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി എ തമ്പി | സെക്രട്ടറി | 01-04-2019 | 16-07-2019 |
| ശ്രീ രാരാരാജ് ആർ | സെക്രട്ടറി | 17-07-2019 | 30-03-2020 |
| ശ്രീ അനിൽകുമാർ എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ നന്ദകുമാർ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ മാത്യു എബ്രഹാം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ വിനി ആൻ വർഗീസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി റാഫിയ പി എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ സ്നിഗ്ദ്ധ പാർവതി മോഹൻ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 24-02-2020 |
| ഡോ മായ രാജഗോപാൽ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 25-02-2020 | 31-03-2020 |
| ഡോ. നന്ദാദേവി എൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി സിന്ധു എലിസബത്ത് ബാബു | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ ആഷിക് കോയ തങ്ങൾ | വി.ഇ.ഒ I | 01-04-2019 | 10-07-2019 |
| ശ്രീ നിധീഷ് ചന്ദ്രൻ | വി.ഇ.ഒ I | 11-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി നിഷാദാ ബീവി | ലേഡി വി.ഇ.ഒ | 01-04-2019 | 11-07-2019 |
| ശ്രീമതി രമ്യമോൾ ആർ | ലേഡി വി.ഇ.ഒ | 11-07-2019 | 31-03-2020 |
| ശ്രീമതി വിദ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: M Harikumar (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-4 |
| 5 | ഗ്രാന്റ് വിനിയോഗം-അപാകതകൾ<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: M Harikumar (Asst. Audit Officer, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Asha M Kuruvilla (Auditor, On 27-10-2021)<br>Last Updated By: Johncy John (Computer Assistant, On 01-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: M Harikumar (Asst. Audit Officer, On 02-11-2021)<br>Last Updated By: Johncy John (Computer Assistant, On 01-12-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: Johncy John (Computer Assistant, On 01-12-2021) | 1-10 |
| 12 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: SINDHUMOL V N (Auditor, On 01-11-2021)<br>Last Updated By: Johncy John (Computer Assistant, On 13-12-2021) | 1-11 |
| 13 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- അധിക തുക ചെലവഴിച്ചു<br>Written By: M Harikumar (Asst. Audit Officer, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-12 |
| 14 | ദിവസ വേതനത്തിന് ഓഫീസ് അറ്റൻഡറുടെ നിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Asha M Kuruvilla (Auditor, On 30-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-13 |
| 15 | ഹോമിയോ മരുന്നുകൾ ലഭിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 28-10-2021)<br>Last Updated By: Johncy John (Computer Assistant, On 16-12-2021) | 1-14 |
| 16 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-തുടർ നിരീക്ഷണം അനിവാര്യം<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | 1-15 |
| 17 | പഞ്ചായത്ത് ഓഫീസ് നവീകരണം- സാധന സാമഗ്രികൾ | 1-16 |

| | | |
|---|---|---|
| | വാങ്ങിയത് ക്രമപ്രകാരമല്ല<br>Written By: M Harikumar (Asst. Audit Officer, On 29-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 12-12-2021) | |
| 18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-17 |
| 19 | കെയ്ക്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി<br>Written By: Aswathy.V.Nair (Auditor, On 01-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-18 |
| 20 | പട്ടിക വർഗ ഫണ്ട്: 24.8 ലക്ഷം നഷ്ടപ്പെടുത്തി<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-19 |
| 21 | ചുഴന കുടിവെള്ളപദ്ധതി-ബാക്കിതുക തിരികെ വാങ്ങിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 02-11-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-20 |
| 22 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം പെൻഷണറുടെ മരണശേഷവും<br>Written By: Asha M Kuruvilla (Auditor, On 27-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 26-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 13-12-2021) | 4-7 |
| 8 | ചാർജ്,സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: Johncy John (Computer Assistant, On 02-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: Johncy John (Computer Assistant, On 02-12-2021) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 25-10-2021)<br>Last Updated By: Johncy John (Computer Assistant, On 02-12-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 22.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 28.02.2021 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

സ്ഥാപനത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ ബി3 : Reserves:- തൻവർഷം ലഭിച്ച ഗ്രാന്റുകളിൽ ആസ്തികൾ സൃഷ്ടിക്കുന്നതിനും മറ്റ് മൂലധന നിക്ഷേപങ്ങൾക്കുമായി ചെലവഴിച്ച തുകയെല്ലാം റവന്യൂ ഹെഡിൽ വരവ് വെച്ചിരിക്കുന്നു. ഇവ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല. തൻമൂലം വാർഷിക കണക്കിൽ അധിക വരുമാനം (Excess Of Income Over Expenditure) പ്രതിഫലിക്കുന്നു.

2. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

3. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. ഡെപ്പോസിറ്റായി ലഭിക്കുന്ന തുകകൾ റെവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

4. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ Fixed Assets, Capital Work-In-Progressഎന്നീ ഹെഡുകളിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

5. ഷെഡ്യൂൾ ബി-18; വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 32,77,245.00

Depoist With KSEB - Rs.15,60,182.00

Electricty Depoist - Rs. 49,798.00

6. Advance To Others:- വിനിയോഗ വിവരം കൃത്യമാക്കി അക്കൗണ്ട് ചെയ്തിട്ടില്ല. നീക്കിയിരുപ്പ് തുക കൃത്യമല്ല.

7 .B-11(A) Capital Work In Progress:- ലൈഫ് മിഷൻ ഭവന പദ്ധതിക്ക് ലഭിച്ച 20,00,000 രൂപ തെറ്റായി ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിരിക്കുന്നു.

8. ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

9. ഷെഡ്യൂൾ I-6: വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 2,94,118 രൂപ വാർഷിക കണക്കിലെ ലോൺ അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 67,69,983 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,95,78,170 |
| ആകെ വരവ് | 5,63,48,153 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,71,95,232 |
| നീക്കിയിരിപ്പ് | 91,52,921 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 12248000 | 12248000 | 10669108 | 357024 | 1221868 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 4587000 | 4587000 | 3469839 | 653973 | 463188 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 198000 | 198000 | 198000 | -- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | Xx | Xx | Xx | Xx | Xx | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ഇല്ല | 9363308 | 9363308 | 4873271 | 2580509 | 1909528 |
| മെയിന്റനൻസ്, റോഡ് | ,, | 5050000 | 5050000 | 3149509 | 1112310 | 788181 |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 3553000 | 3553000 | 2381200 | 74122 | 1097678 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| സാക്ഷരത | 15529 | -- | 15529 | -- | -- | 15529 |
| ശുചിത്വ മിഷൻ | 4131120 | 288000 | 4419120 | 3987030 | -- | 432090 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഐ.സി.ഡി.എസ്. | 64601 | 488720 | 553321 | 476136 | -- | 77185 |
| എം.ജി.എൻ. ആർ.ജി.എസ് | 1775 | 829882 | 831657 | 622407 | -- | 209250 |
| സമ്പൂർണ്ണ ശുചിത്വം | 27000 | -- | 27000 | -- | -- | 27000 |
| പൈക്ക | 73000 | -- | 73000 | -- | -- | 73000 |

## 1-4-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകളും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് (സ്റ്റേറ്റ്മെന്റ് പ്രകാരം) | യഥാർത്ഥ കണക്ക് | ചെലവ് (എ.എഫ്.എസ്. പ്രകാരം) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 10529098 | 10669108 | 10387330 | 281778 | ലൈഫ് മിഷൻ തിരിച്ചടവ് രൂ. 279412, വെള്ളക്കരം രൂ. 2366 |
| വികസന ഫണ്ട്- | 3462486 | 3469839 | 3455133 | 14706 | ലൈഫ് മിഷൻ തിരിച്ചടവ് രൂ. |

| | | | | | |
|---|---|---|---|---|---|
| എസ്.സി.പി | | | | 14706 | |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവ് ചെലവ് കണക്കിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 279412 | 139706 |
| ,, | അങ്കണവാടി അധിക വേതനം | 919800 | -- |
| | വെള്ളക്കരം | 1454 | 304 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 | 7353 |

കൂടാതെ സംസ്ഥാനാവിഷ്കൃത, കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് സ്റ്റേറ്റ് പ്രകാരമുള്ള കണക്കുകൾ, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടേയും നടപ്പാക്കിയവയുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 175 | 69724843 | 115 | 33898341 | 60 | 48.62% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 8552572 | 3496957 | 40.89 |
| സേവനം | 40760904 | 21364179 | 52.41 |
| പശ്ചാത്തലം | 20411367 | 9037205 | 44.28 |
| ആകെ | 69724843 | 33898341 | 48.62 |

(3) 2019-20-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 400000 | 371395 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 5 | 3 | 1286040 | 706249 |
| 3 | കൃഷി ഓഫീസർ | 6 | 6 | 2725072 | 884457 |
| 4 | സെക്രട്ടറി | 40 | 24 | 17412891 | 5839835 |
| 5 | വെറ്ററിനറി സർജൻ | 6 | 6 | 3812500 | 1642500 |
| 6 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 7703400 | 5832400 |

| | | | | | |
|---|---|---|---|---|---|
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 4911892 | 3327204 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 3 | 3132500 | 2230088 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1650000 | 970000 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 2774716 | 2076583 |
| 11 | ഹെഡ്മാസ്റ്റർ | 2 | 2 | 800000 | 788966 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 45 | 23115832 | 9228644 |
| | **ആകെ** | **175** | **115** | **69724843** | **33898341** |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷം ഈ ഇനത്തിലുള്ള വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1775 | 957883 | 959658 | 750409 | 209249 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 16721622 | 16721622 | 16721622 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13,60,800 | 249 |
| വിധവാ പെൻഷൻ | 25,57,800 | 453 |
| വാർദ്ധക്യകാല പെൻഷൻ | 95,97,900 | 1,757 |
| വികലാംഗ പെൻഷൻ | 12,22,600 | 227 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 48,000 | 8 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30,000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26/10/2021, 10.00AM -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 1300 (ആയിരത്തി മുന്നൂറ് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണങ്ങൾ (ജനറൽ കൺട്രോൾസ്)

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിക്കാറുണ്ടെങ്കിലും പ്രവൃത്തികൾ സംബന്ധിച്ച തുടർനിരീക്ഷണം നടത്തുന്നതിനാവശ്യമായ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. വിനിയോഗവിവരം, വർക്ക് ബിൽ, എം.ബുക്ക് എന്നിവ നിർവ്വഹണ ഏജൻസികളിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നില്ല.

നിർമ്മാണ പ്രവൃത്തികൾ, സാധന സാമഗ്രികളുടെ വാങ്ങലുകൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുള്ള വാങ്ങലുകൾ, നിർമ്മാണ പ്രവൃത്തികൾ എന്നിവ നടത്തിയിട്ടുള്ളത് നടപടിക്രമങ്ങൾക്ക് വിരുദ്ധമായിട്ടാണ്.

തെരുവ് വിളക്കുകളുടെ പരിപാലനം, കുടിവെള്ള പദ്ധതികൾക്കായുള്ള വൻ നിക്ഷേപങ്ങൾ എന്നിവ പഞ്ചായത്ത് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ്. തെരുവ് വിളക്കുകളുടെ എണ്ണം, പരിപാലനം എന്നിവ നിരീക്ഷിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കുന്നില്ല. കുടിവെള്ള പദ്ധതികൾക്കായി കോടികളുടെ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിലും പദ്ധതികൾ ഒന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല. ചില പദ്ധതികൾ ആരംഭിച്ചിട്ടുപോലുമില്ല എന്നതും ഖേദകരമായ വസ്തുതയാണ്.

**ആഭ്യന്തര നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പങ്ക്**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 162 എ (1എ) പ്രകാരം ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർവചിച്ചിരിക്കുന്നു. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതല്ലാതെ മറ്റ് വിഷയങ്ങൾ കമ്മറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നില്ല. വരുമാന വർദ്ധനവ്, നികുതിപിരിവ് പുരോഗതി, ഓഡിറ്റ്, വാർഷിക ധനകാര്യ പത്രിക തുടങ്ങിയ പ്രാധാന്യം ഏറെയുള്ള വിഷയങ്ങൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ചക്ക് വരുന്നില്ല. നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകൾ**

ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കുന്നതിലും നഷ്ടം നിജപ്പെടുത്തയിട്ടുള്ള സംഗതികളിൽ തുക തിരികെ ഈടാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നുണ്ട്. റിപ്പോർട്ടുകൾ പഞ്ചായത്ത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യപ്പെടുന്നില്ല എന്നത് ഗൗരവമേറിയ പോരായ്മയാണ്. പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019 മുതൽ 14.11.2019 വരെ | 04/2019 മുതൽ 10/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2018 മുതൽ 11.07.2018 വരെ | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തെ തൊഴിൽനികുതി പിരിവ് പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | കാച്ചാണത്ത് മിനറൽസ്, എഴുമറ്റൂർ | രണ്ടാം അർദ്ധവർഷം |
| 2 | എസ്ജി പ്രിന്റേഴ്സ്, തടിയൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

തൊഴിൽ നികുതി അടയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 13/30.10.21) മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- അധിക തുക ചെലവഴിച്ചു

2019-20 സാമ്പത്തിക വർഷം ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനായി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും 2,56,788 രൂപ ചെലവഴിച്ച് ഒരു പിക്ക് അപ് വാൻ പത്തനംതിട്ട വാര്യാപുരത്തുള്ള സ്റ്റാർ മോട്ടോഴ്സിൽ നിന്നും (PIAGGIO XTRA LD PICK UP -THREE WHEELER GOODS

VEHICLE)വാങ്ങിയിട്ടുണ്ട് .

സ്ഥാപനം 09-02-2020-ൽ ലഭ്യമാക്കിയിട്ടുള്ള 2526-ാം നമ്പർ പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് തുക നൽകിയിട്ടുള്ളത് (ചെക്ക് നം. 007501/28-02-2020). ആയത് യഥാർത്ഥ ടാക്സ് ഇൻവോയ്സ് അല്ല. ക്വട്ടേഷൻ മാത്രമാണ്. വാഹനവില, ഇൻഷ്വറൻസ്, റോഡ് ടാക്സ്, താത്കാലിക രജിസ്ട്രേഷൻ, വാറന്റി, അക്സസറീസ്, കേരള ഫ്ലഡ് സെസ് എന്നിവ ഉൾപ്പെടുന്ന തുകയാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. വാഹനം വാങ്ങിയപ്പോൾ സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള യഥാർത്ഥ ഇൻവോയ്സ് പ്രകാരം വാഹനവില എല്ലാനികുതികളും ഉൾപ്പെടെ 2,29,410 രൂപയാണ്. രേഖകൾ പ്രകാരം ഇൻഷ്വറൻസ് 7,015 രൂപയും, റോഡ് ടാക്സ് 5,000 രൂപയുമാണ് ഒടുക്കിയിട്ടുള്ളത്. മറ്റ് ചെലവുകൾക്ക് യാതൊരുവിധ രേഖകളും ഇല്ല. ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയും രേഖകൾ പ്രകാരമുള്ള യഥാർത്ഥ ബിൽ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ | തുക | യഥാർത്ഥ രേഖകൾ പ്രകാരമുള്ള ഇനങ്ങൾ | തുക |
|---|---|---|---|---|
| 1 | വാഹന വില | 231305 | വാഹന വില (KFC, GST ഉൾപ്പെടെ) | 229410 |
| 2 | ഇൻഷ്വറൻസ് | 8004 | ഇൻഷ്വറൻസ് | 7015 |
| 3 | താത്കാലിക രജിസ്ട്രേഷൻ | 500 | -- | -- |
| 4 | റോഡ് ടാക്സ് | 9300 | റോഡ് ടാക്സ് | 5000 |
| 5 | എക്സ്റ്റൻഡഡ് വാറന്റി | 1500 | -- | -- |
| 6 | അക്സസറീസ് | 4400 | -- | -- |
| 7 | കേരള ഫ്ലഡ് സെസ് | 1779 | -- | -- |
| | ആകെ | 256788 | | 241425 |

താത്കാലിക രജിസ്ട്രേഷൻ, എക്സ്റ്റൻഡഡ് വാറന്റി, അക്സസറീസ് എന്നിവയ്ക്ക് തുക ചെലവഴിച്ചതിന് രേഖകൾ ഇല്ല. വാഹനത്തിന്റെ യഥാർത്ഥവില പരിഗണിക്കാതെ പ്രഫോർമ ഇൻവോയ്സ് പ്രകാരം തുക ചെലഴിച്ചത് ക്രമ വിരുദ്ധമാണ്. ഇതുവഴി ഗ്രാമപഞ്ചായത്തിന് 15363 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം അധികം തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.04/2019-20 തീയതി: 25-10-2021) മറുപടി ലഭിച്ചില്ല. അധിക ചെലവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-13 ദിവസ വേതനത്തിന് ഓഫീസ് അറ്റൻഡറുടെ നിയമനം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ സ.ഉ(പി) നം. 28/2016/ധന തീയതി 26.02.2016, സ.ഉ(പി) നം. 56/2017/ധന തീയതി 28.04.2017, സ.ഉ(പി) നം. 112/2018/ധന തീയതി 21.07.2018, സ.ഉ(പി) നം. 81/2019/ധന തീയതി 09.07.2019 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസവേതന നിയമനം വകുപ്പ് മേധാവിയ്ക്ക് നടത്താവുന്നതാണ്. ഈ കാലാവധിയ്ക്ക് പുറത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഗ്രാമപഞ്ചായത്തിൽ 01.05.2019 മുതൽ 24.07.2019 വരെയും , 8.09.2019 മുതൽ 14.05.2020 വരെയും ഉള്ള കാലയളവിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടായ ഒഴിവിലേക്ക് ശ്രീമതി. ഉഷ ബിജുവിനെ 16.08.2019 മുതൽ 19.05.2020 വരെയുള്ള കാലയളവിൽ ഓഫീസ് അറ്റൻഡന്റായി ദിവസവേതനത്തിന് നിയമിക്കുകയുണ്ടായി. സർക്കാർ അനുമതിയോ, വകുപ്പ് മേധാവിയുടെ അനുമതിയോ ഇല്ലാതെയാണ് ഇപ്രകാരം നിയമനം നടത്തി വേതനം നൽകിയിരിക്കുന്നത്. കൂടാതെ നിയമനത്തിൽ പാലിക്കേണ്ട വ്യവസ്ഥകളിൽ, സർക്കാർ അനുമതി ലഭിച്ചാൽ എപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള പ്രയോറിറ്റി ലിസ്റ്റിൽ നിന്നും യോഗ്യതയനുസരിച്ച് ആളെ നിയമിക്കുവാൻ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ ഇപ്രകാരം ഒരു ലിസ്റ്റ് ഇല്ലാതിരുന്നാൽ മാത്രമേ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതനത്തിന് ആളെ നിയമിക്കാവൂ. എന്നാൽ ഈ നടപടിക്രമങ്ങൾ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 8/26.10.2021) പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനും, ഐ.എസ്.ഒ. സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് നിരവധി ജോലികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ട

സാഹചര്യമുണ്ടായിരുന്നതിനാലുമാണ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം ദിവസവേതനത്തിന് ആളെ നിയമിച്ചതെന്നാണ് വ്യക്തമാക്കി. ജീവനക്കാരുടെ ഒഴിവുകളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഹോമിയോ മരുന്നുകൾ ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. S0006/21) 2019-20 വർഷം ആലപ്പുഴ ഹോംകോ, മാനേജിംഗ് ഡയറക്ടർക്ക് 1,00,000 രൂപ മുൻകൂർ നൽകി ( ബിൽ നം. 13600725864/23.10.2019). എന്നാൽ നാളിതുവരെ 62,895 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത് ബാക്കി 37105 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല-തുടർ നിരീക്ഷണം അനിവാര്യം

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | വാർഡ് 2-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0062/20) | കെ.എസ്.ഇ.ബി. | 1,00,000 | 13600827002/ 15.11.2019 |
| 2 | വാർഡ് 3-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0063/20) | കെ.എസ്.ഇ.ബി. | 49,560 | 13600827010/ 15.11.2019 |
| 3 | വാർഡ് 10-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0109/20) | കെ.എസ്.ഇ.ബി. | 20,000 | 13600950975/ 16.12.2019 |
| 4 | വാർഡ് 9-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ -SO (S0124/20) | കെ.എസ്.ഇ.ബി. | 49,914 | 13600377213/ 24.07.2019 |
| 5 | വാർഡ് 9-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0108/20) | കെ.എസ്.ഇ.ബി. | 65,926 | 13601176647/ 30.01.2020 |
| 6 | 14-ാം വാർഡിലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൽ വലിക്കൽ (S0176/20) | കെ.എസ്.ഇ.ബി. | 49,980 | 13601208980/ 05.02.2020 |
| | **ആകെ** | | 3,35,380 | |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി ഏർപ്പെടുന്ന കരാർ വ്യവസ്ഥകൾ പാലിക്കപ്പെടാറില്ല.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ഗ്രാമ പഞ്ചായത്ത് ചെയ്യുന്നില്ല.

2019-20-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 1,560,182 |

| | | |
|---|---|---|
| 2 | കേരള വാട്ടർ അതോറിറ്റി | 3,277,245 |

മുൻ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കൈപ്പറ്റി ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല. തുകകൾ ക്രമീകരിക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ഓഫീസ് നവീകരണം- സാധന സാമഗ്രികൾ വാങ്ങിയത് ക്രമപ്രകാരമല്ല

2019-20 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി (പ്രോജക്ട് നം. S0178/20) 14,17,874 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വിഭാവനം ചെയ്തത്. പദ്ധതി നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ARTCO LTD.) മുഖേനയാണ് നടപ്പിലാക്കിയത്. (കമ്മിറ്റി തീരുമാനം നം. 14(1) തീയതി 09-12-2019.)

ജി.ഒ(പി) 77/2019 ഫിൻ. തീയതി: 04-07-2019 പ്രകാരം ARTCO LTD. നെ ഇന്റീരിയർ പ്രവൃത്തികൾ എറ്റെടുത്തു നടപ്പാക്കുന്നതിനാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇന്റീരിയർ പ്രവൃത്തികളോടൊപ്പം കോൺഫറൻസ് ഹാളിലേക്ക് ആവശ്യമായ എയർ കണ്ടീഷണറുകൾ (2എണ്ണം), ഓഫീസിലേക്ക് സീലിംഗ് ഫാനുകൾ (8എണ്ണം), എൽ.ഇ.ഡി. ബൾബുകൾ എന്നിവയും ARTCO LTD. ൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയത് ക്രമവിരുദ്ധമായ നടപടിയാണ്. എയർകണ്ടീഷണറുകൾ, ഫാനുകൾ, എൽ.ഇ.ഡി. ബൾബുകൾ എന്നിവ സ്റ്റോർ പർച്ചേസ് പ്രകാരമോ ഗവൺമെന്റ് മാർക്കറ്റിംഗ് സംവിധാനം വഴിയോ ആയിരുന്നു വാങ്ങേണ്ടിയിരുന്നത്. ജി.ഒ(പി) നം.95/2017/ഫിൻ. തീയതി: 25-07-2017 ഉത്തരവിൽ, അക്രഡിറ്റേഷൻ ഉത്തരവുകളിൽ 'എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെ മാത്രമേ ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കാവൂ എന്നും നിഷ്കർച്ചിട്ടുണ്ട്. ആർട്ടിസാൻസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ചെയ്ത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന അംഗീകൃത സ്ഥാപനം മുഖേനയോ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വഴിയോ നടത്തിയിട്ടില്ലായെന്നും പദ്ധതിക്ക് ചെലവായതിൽ അന്തിമ തുക നാളിതുവരെ നൽകിയിട്ടില്ലെന്നും നിലവിലെ സെക്രട്ടറി അറിയിച്ചു. ഗവൺമെന്റ് സ്ഥാപനങ്ങൾ, അക്രഡിറ്റ് ഏജൻസികൾ എന്നിവ മുഖാന്തിരം പദ്ധതിനടപ്പാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരം അവരെ ഏൽപ്പിച്ചിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് മാത്രമേ കരാറിൽ ഏർപ്പെടാവൂ. അല്ലാത്ത പ്രവൃത്തികൾ നടപ്പാക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം നൽകാനായില്ല

ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്തുമായി ചേർന്ന് പദ്ധതി ആവിഷ്കരിച്ചെങ്കിലും, ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ (47/20)പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ടും (500000 രൂപ) ജില്ലാ പഞ്ചായത്ത് വിഹിതവും (210000 രൂപ) ഉൾപ്പെടെ 710000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാതിരുന്നതിനാൽ വികസന ഫണ്ട് തുക 500000 മാത്രം ചെലവഴിച്ച് 2019 ഏപ്രിൽ മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ പാൽ സബ്സിഡി മാത്രമാണ് തൻ വർഷം ക്ഷീരകർഷകർക്ക് സബ്സിഡിയായി നൽകാൻ കഴിഞ്ഞത്.

സംയുക്ത പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും വകയിരുത്തുന്ന തുക യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് അർഹമായ പരമാവധി ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കെയ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് , GO(RT) 2881/2019/ത.സ്വ.ഭ.വ തീയതി 18.12.2019 നമ്പർ ഉത്തരവ് പ്രകാരം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഭാഗമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ തുകയുടെ വിവരം |
|---|---|---|
| 1 | 17/20 തെങ്ങിൻതൈ ജൈവവള വിതരണം | 65625 |
| 2 | 18/20സമഗ്രപച്ചക്കറികൃഷി വികസനം | 49940 |
| 3 | 44/20കുറ്റികുരുമുളക് തൈ വിതരണവും വേപ്പിൻപിണ്ണാക്കും | 121887 |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിത്തുകളും, തൈകളും കൃഷി വകുപ്പ്, ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി VFPCK എന്നിവിടങ്ങളിൽനിന്നും മാത്രമേ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളൂ. ഈ സാഹചര്യത്തിൽ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലല്ലാതെയും, പ്രോക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കാതെയും KAICO-ൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ്' ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെ വേണം ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത് ' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുക്കൾ, ജൈവവളം എന്നിവ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/30.10.2021) KAICO യുടെ സ്വന്തം സ്ഥാപനമായ കേരളശ്രീ അഗ്രോ നഴ്സറിയിൽ നിന്നാണ് തൈകൾ വിതരണത്തിന് ലഭ്യമാക്കുന്നതെന്നും ടി നഴ്സറിയിൽ ഉല്പാദിപ്പിക്കുന്ന തൈകൾ ഗുണമേന്മയുള്ളതാണെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തിയിട്ടുള്ളതാണെന്നും സർക്കാരിന്റെ തന്നെ അംഗീകൃത സ്ഥാപനമായതിനാൽ KAICO വഴി പദ്ധതി നടപ്പിലാക്കുന്നതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ടി മറുപടി അംഗീകരിക്കത്തക്കതല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-19 പട്ടിക വർഗ ഫണ്ട്: 24.8 ലക്ഷം നഷ്ടപ്പെടുത്തി

ഗ്രാമപഞ്ചായത്തിലെ ഉപ്പുമാങ്കൽ പട്ടികവർഗ കോളനിയിൽ കമ്മ്യൂണിറ്റിഹാളും വീടിന് സംരക്ഷണഭിത്തിയും പണിയുന്നതിന് പട്ടികവർഗവികസന വകുപ്പ് 24.8 ലക്ഷം രൂപ അനുവദിച്ചെങ്കിലും 2019-20 വർഷം ചെലവഴിക്കാൻ സാധിച്ചില്ല.

കോളനിയിൽ ഒരു വീടിന് സംരക്ഷണഭിത്തിക്ക് 330000 രൂപയും കമ്മ്യൂണിറ്റിഹാളിന് 2150000 രൂപയും ഉൾപ്പെടെ റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അനുവദിച്ച 2480000 രൂപ 5.10.2019 ൽ ഗ്രാമപഞ്ചായത്തന് ലഭിച്ചിട്ടുണ്ട്.

സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും (പ്രോജക്റ്റ് 170/20-330000) കമ്മ്യൂണിറ്റി ഹാളിനും(പ്രോജക്റ്റ് 180/20-2150000) അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി പദ്ധതി അംഗീകരിച്ചിരുന്നെങ്കിലും രണ്ട് പദ്ധതികളും നടപ്പാക്കാതെ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ് ഫണ്ട് ലാപ്സായി.

ടെണ്ടറും റീ ടെണ്ടറും ക്വട്ടേഷനും നടത്തിയിട്ടും കമ്മ്യൂണിറ്റിഹാൾ പണി കരാറുകാർ ഏറ്റെടുത്തില്ലെന്നും സംരക്ഷണഭിത്തിക്ക് അനുവദിച്ച തുക എസ്റ്റിമേറ്റ് അനുസരിച്ച് പണിയാൻ തികയില്ല എന്നുമാണ് അസി. എഞ്ചിനീയർ സെക്രട്ടറിക്ക് നല്കിയ വിശദീകരണം.

പദ്ധതി നിർവഹണം 2019-20ൽ തുടങ്ങിയാൽ ആവശ്യമായ അധികം ഫണ്ട് 2020-21ൽ അനുവദിക്കുമെന്ന് റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ അറിയിച്ചിരുന്നു. ഈ സാധ്യതയും ഗ്രാമപഞ്ചായത്ത് ഉപയോഗിച്ചില്ല. 2020-21ൽ ഫണ്ട് വീണ്ടും ഉറപ്പാക്കി തുടർപദ്ധതികളിലൂടെ പട്ടികവർഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചില്ല.

കോളനിയിൽ കമ്മ്യൂണിറ്റിഹാളും സംരക്ഷണഭിത്തിയും പണിതിട്ടില്ലെന്ന് പഞ്ചായത്തിലെ എസ്.ടി പ്രോമോട്ടർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പട്ടികവർഗവികസന വകുപ്പിൽ നിന്ന് വീണ്ടും ഈ ആവശ്യത്തിന് ഫണ്ട് ലഭിക്കാനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് കമ്മറ്റി പരിശോധിക്കേണ്ടതാണ്.

വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിശദീകരണം തേടിയിരുന്നുവെങ്കിലും(ഓഡിറ്റ് അന്വേഷണം-23/20-21,30.10.2021)മറുപടി ലഭിച്ചില്ല. പട്ടികവർഗ കോളനിയിലെ ക്ലേശഘടകങ്ങൾ പരിഹരിക്കാൻ സർക്കാർ അനുവദിച്ച ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് വലിയ വീഴ്ചയാണ്. ഈ വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കേണ്ടതാണ്.

## 1-20 ചുഴന കുടിവെള്ളപദ്ധതി-ബാക്കിതുക തിരികെ വാങ്ങിയില്ല

ചുഴന കുടിവെള്ളപദ്ധതിയുടെ ബാക്കി തുക 761436 രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ വാങ്ങിയില്ല.

വാട്ടർ അതോറിറ്റി നിർവഹണ ഏജൻസിയായി 17-18ൽ നടപ്പാക്കിയ നിക്ഷേപപദ്ധതിയായിരുന്നു ഇത് (പ്രോജക്ട് ഫയൽ ഓഡിറ്റിന് ലഭിച്ചില്ല. അതിനാൽ 2550000 രൂപ ഏത് ഫണ്ടിൽ നിന്നാണെന്ന് വ്യക്തമല്ല). ഇതിന്റെ ആകെ ചെലവ് 1788564 രൂപ രേഖപ്പെടുത്തിയ വിനിയോഗസാക്ഷ്യപത്രമാണ് 29/2/2020ൽ ഡിവിഷൻ എക്സി.എഞ്ചിനിയർ സെക്രട്ടറിക്ക് നല്കിയത്. ഇതിന് ശേഷം ഒന്നരവർഷം കഴിഞ്ഞ് ഓഡിറ്റ് വേളയിൽ പരിശോധിക്കുമ്പോഴും തുക തിരികെ ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ്, വർക്ക് ബില്ല്, എം.ബുക്ക് എന്നിവ അതോറിറ്റി ഗ്രാമപഞ്ചായത്തിന് നല്കിയിട്ടില്ല. ഇവ ഗ്രാമപഞ്ചായത്ത് പരിശോധിച്ചചെലവിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(19/20-21,29.10.2021)ത്തിന് ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

## 1-21 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം പെൻഷണറുടെ മരണശേഷവും

ഗ്രാമപഞ്ചായത്തിൽ നിന്നും വാർദ്ധക്യകാല പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവർക്ക്, പെൻഷണറുടെ മരണശേഷവും പെൻഷൻ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 2020-21 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1. | ചെല്ലപ്പൻ കെ. | വാർദ്ധക്യകാലം | 103880200216 | 22.10.2018 | 11/2018-4-2019 | 9,000 |
| 2. | തങ്കമണി | ” | 103880201519 | 28.01.2018 | 02/2018-4/2019 | 16,600 |
| 3. | തങ്കമണിയമ്മ | ” | 103880200915 | 06.03.2018 | 04/2018-04-2019 | 14,400 |
| 4. | തങ്കപ്പൻ നായർ | | 103880200886 | 24.08.2018 | 09-2018 - 04/2019 | 13,000 |
| 5. | പൊടിയൻ പി.സി | ” | 103880200849 | 07.09.2017 | 10/2017-11/2017 | 2,200 |
| | | | ആകെ | | | ₹ 55,200 |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിയ്ക്കാനുള്ള സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്ക് ആധാർ

അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ മരണശേഷവും അവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ അനുവദിച്ചതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.11/26.10.21) മേൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന 5 ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം രേഖാമൂലം ഈ ഓഫീസിൽ ആരും അറിയിച്ചിട്ടില്ലാത്തതിനാലാണ് മരണപ്പെട്ട മാസംതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ കഴിയാതിരുന്നതെന്നും, തുക തിരികെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. അധികമായി അനുവദിച്ച പെൻഷൻ തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-രേഖകളുടെ അഭാവം</u>**

സഹകരണ ബാങ്കുകൾ വഴിയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ ഓഡിറ്റ് വർഷങ്ങളിൽ സസ്പെന്റ് ചെയ്ത ഗുണഭോക്താക്കളുടെ വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/21.10.21) സെക്രട്ടറി, എഴുമറ്റൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ചില ഗുണഭോക്താക്കളുടെ പെൻഷൻ വിതരണം സസ്പെന്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കി എന്നാൽ മറ്റൊരു സ്ഥാപനമായ തെള്ളിയൂർസർവ്വീസ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നുള്ള യാതൊരു വിവരവും ലഭ്യമാക്കിയില്ല. ബാങ്ക് തിരിച്ചടച്ച പെൻഷൻ തുകയുടെ വിവരവും തിരിച്ചടയ്ക്കുവാനുള്ള കാരണവും ലഭ്യമാക്കിയിട്ടില്ല. ഈ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കേണ്ടതാണ്. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹരായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/21.10.2021) തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -4</u>

### <u>4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും</u>

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 42500 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് നൽകൽ (195/20) | 42500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പും ആനുകൂല്യങ്ങളും (32/20) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | ലൈഫ് മിഷൻ വസ്തു വാങ്ങൽ (185/20) | 2000000 | 0 |
| ജില്ലാ പഞ്ചായത്ത് | 20000 | ലൈഫ് ഭവനപദ്ധതി- എസ്.സി (120/20) | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 50978 | പാലിയേറ്റീവ് പരിചരണം(11/20) | 50978 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ | ബിൽ നം/ തീയതി |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വാർഡ് 2-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0062/20) | 1,00,000 | ഇല്ല | 1,00,000 | 13600827002/ 15.11.2019 |
| കെ.എസ്.ഇ.ബി. | വാർഡ് 3-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0063/20) | 49,560 | ഇല്ല | 49,560 | 13600827010/ 15.11.2019 |
| കെ.എസ്.ഇ.ബി. | വാർഡ് 10-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (S0109/20) | 20,000 | 20,000 | ഇല്ല | 13600950975/ 16.12.2019 |
| കെ.എസ്.ഇ.ബി. | വാർഡ് 9-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ -SO (S0124/20) | 49,914 | ഇല്ല | 49,914 | 13600377213/ 24.07.2019 |
| കെ.എസ്.ഇ.ബി. | വാർഡ് 9-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ | 65,926 | 65,926 | ഇല്ല | 13601176647/ 30.01.2020 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ (S0108/20) | | | | |
| കെ.എസ്.ഇ.ബി. | 14-ാം വാർഡിലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൽ വലിക്കൽ (S0176/20) | 49,980 | ഇല്ല | 49,980 | 13601208980/ 05.02.2020 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസിനത്തിൽ ചെലവില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | 1045557 | 2800000 | 3845557 | 294118 | -- | 3551439 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 11,143 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു,

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 2017-18 | 3-3(8) | 3465 | ജോൺസി ജോർജ്ജ്, അസി.എഞ്ചിനീയർ | 119020103302/ 20-12-2019 |
| | 3-3(9) | 3465 | ,, | 119020103302/ 20-12-2019 |
| 2018-19 | 1-18 | 4213 | ,, | 909735100083/ 06-01-2020 |
| **ആകെ** | | **11143** | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2. | 2006-07 | 3.18.2.5 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ- | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | വെണ്ണിക്കുളം അസി.എഞ്ചിനീയർക്ക് അടവാക്കിയത്-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | |
| 2014-15 | 2-1. | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2014-15 | 2-2. | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-7. | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്,സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| ഇനം | തുക |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 56348153 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47195232 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15363 |
| തടസ്സപ്പെടുത്തിയ തുക | ഇല്ല |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായവരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 15363 | ശ്രീ രാരാ രാജ് ആർ., സെക്രട്ടറി |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

**ഇല്ല**

**ഡി) കേന്ദ്ര,സംസ്ഥാന സർക്കാരുകൾ,മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റ വിവരം**

ഇല്ല

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും,സ്ഥിര മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ രാരാ രാജ് ആർ., സെക്രട്ടറി | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് | ശ്രീമംഗലം, ഇടവ പി.ഒ., വർക്കല, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.8-178/04 തീയതി 02.11.2004/14.01.2005 | 7 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.8-462/07 തീയതി 12.12.2011/21.07.2012 | 19 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.3-389/05 തീയതി 05.05.2006 | 12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5-676/11 തീയതി 09.12.11/27.07.12 | 14 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.5-677/11 തീയതി 12.12.2011/28.07.12 | 28 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-975/12 തീയതി 23.03.13/03.06.14 | 11 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-538/14 തീയതി 26.08.14/ 17.03.15 | 3 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-8-601/16 തീയതി 01.06.2016 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-8-1359/16 തീയതി 24.12.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-8-1131/17 തീയതി 04.10.2017 | 16 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-8-1379/18 തീയതി 24.10.2018 | 23 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി-8-4/2020തീയതി 03.02.2020 | 6 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്